LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ നിഷ്ക്കർഷിച്ചിരിക്കുന്ന കണ്ടീഷനില്ലാത്ത ബസ്സുകൾ സർവ്വീസ് നടത്തുന്നത് തടയാൻ നടപടി

*5 [905] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിഷ്ക്കർഷിച്ചിരിക്കുന്ന കണ്ടീഷനില്ലാത്ത ബസ്സുകൾ പല റൂട്ടുകളിലും സർവ്വീസ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം വാഹനങ്ങൾ സർവ്വീസ് നടത്തുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

(സി) വാഹനങ്ങളുടെ എഞ്ചിൻ, ബോഡി എന്നിവയുടെ പരിശോധന കർശന മാക്കാൻ നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്. വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന അവസരത്തിൽ അവയുടെ എഞ്ചിൻ, ബോഡി ഇവയുടെ കണ്ടീഷൻകൂടി പരിശോധിച്ച് തൃപ്തിയാകുന്നുവെങ്കിൽ മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. കൂടാതെ പൊതുവായി ചെക്കിംഗ് നടത്തുമ്പോൾ ഏതെങ്കിലും വാഹനം നിരത്തിൽ ഓടാൻ യോഗ്യമല്ലെന്ന് തോന്നുന്നപക്ഷം അവയുടെ സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് ക്യാൻസൽ ചെയ്യുകയും അവ റിപ്പയർ ചെയ്ത് വീണ്ടും ഹാജരാക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

ഗവൺമെന്റ് കോൺട്രിബ്യൂഷൻ നൽകുന്ന ക്ഷേമനിധികൾ

*6 [906] ശ്രീ. പ്രതാപവർമ്മ തമ്പാൻ:
,, ടി. വി. ചന്ദ്രമോഹൻ:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. എ. സുജനപാൽ:
,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം തൊഴിലാളി ക്ഷേമനിധികളിലേക്കാണ് ഗവൺമെന്റ് കോൺട്രി ബ്യൂഷൻ നൽകുന്നത്;

(ബി) പ്രതിവർഷം എന്തു തുക ഈ ഇനത്തിൽ കൊടുക്കേണ്ടതായി വരുന്നുണ്ട് എന്ന് വിശദമാക്കാമോ?